*⇨ ദുരന്തസമയത്ത് ഏറ്റവും കൂടുതൽ മരണങ്ങൾ എവിടെയാണ് സംഭവിച്ചത്? ⇨*

# ചമോലി ദുരന്തത്തിന് കാരണം ജലവൈദ്യുത പദ്ധതികൾ

എല്ലാ തവണയും ചമോലി ദുരന്തം പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴെല്ലാം നാമത് ചർച്ച ചെയ്യുകയും എന്നാൽ പെട്ടെന്നുതന്നെ അത് മറന്നുകളയുകയും ചെയ്യുന്നു. ഇത്തരം ദുരന്തങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളാനുള്ള നമ്മുടെ സംവിധാനങ്ങളുടെ ശേഷിക്കുറവിനെയാണ് അത് വെളിവാക്കുന്നത്.

**ഹിമാൻശു താക്കർ**

**ദുരന്തങ്ങളുടെ** ആക്കം കൂട്ടുന്നതിൽ ഒട്ടനവധി ഘടകങ്ങളുണ്ട് എന്നാണ് 2021 ഫെബ്രുവരിയിൽ ചമോലിയിലെ ജലവൈദ്യുത പദ്ധതിയിലുണ്ടായ അപകടം നമ്മെ ഓർമ്മിപ്പിക്കുന്നത്. ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിലെ ഋഷിഗംഗ പുഴത്തടത്തിലുണ്ടായ വെള്ളപ്പൊക്കത്തിന് ഈ ജലവൈദ്യുതപദ്ധതികൾ നേരിട്ടു കാരണമായിരിക്കില്ല. എന്നാൽ, താഴേക്ക് കുത്തിയൊലിച്ചുവരുന്ന വെള്ളപ്പാച്ചിലിന് മുന്നിൽ ഡാമുകൾ ഒരു തടസ്സമായി നിന്നാൽ വെള്ളം അതെല്ലാം തുടച്ചെടുത്തുകൊണ്ടുപോകും എന്നതാണ് ഉത്തരാഖണ്ഡിൽ കാണാൻ കഴിഞ്ഞത്. വനനശീകരണം, അണക്കെട്ടുകൾ, പവർ സ്റ്റേഷനുകൾ, റോഡുകൾ, ടൗൺഷിപ്പുകൾ എന്നിവയുടെ നിർമ്മാണം, പ്രദേശങ്ങൾ വെള്ളത്തിനടിയിലാവൽ, തുരങ്കങ്ങൾ, സ്ഫോടനങ്ങൾ, ജല-ഭൗമ വൈവിധ്യത്തിന്റെ നാശം, ഖനനം, ദശലക്ഷക്കണക്കിനു ക്യൂബിക് മീറ്റർ മാലിന്യ നിക്ഷേപം തുടങ്ങിയവയെല്ലാം ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന കാര്യങ്ങളാണ്. ഇവയോരോന്നും പ്രാദേശിക പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു. ദുരന്തങ്ങളുടെ ആഘാതത്തെ നേരിടാനോ അതുമായി പൊരുത്തപ്പെടാനോ ഉള്ള പ്രാദേശിക ശേഷിയെ അത് തകിടം മറിക്കുന്നു. ഇതെല്ലാം പ്രദേശത്തിന്റെ ദുരന്തസാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ദുരന്തസമയത്ത് ഏറ്റവും കൂടുതൽ മരണങ്ങൾ എവിടെയാണ് സംഭവിച്ചത്? ജലവൈദ്യുത പദ്ധതികളുള്ള സ്ഥലങ്ങളിൽ ഏറ്റവും കൂടുതൽ സാമ്പത്തിക നഷ്ടം എവിടെയാണ് സംഭവിച്ചത്? മിക്ക ദുരന്തങ്ങളും ജലവൈദ്യുത പദ്ധതികൾ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിലാണ് നടക്കുന്നത് എന്നത് വളരെ വ്യക്തമാണ്. അല്ലെങ്കിൽ ജലവൈദ്യുത പദ്ധതികളാണ് മറ്റു ദുരന്തങ്ങൾക്കും കാരണമാകുന്നത് എന്നതാണ് സത്യം. പാരിസ്ഥിതികവും സാമൂഹികവുമായി ജലവൈദ്യുത പദ്ധതികൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾക്ക് പുറമെയാണിതു കൂടി സംഭവിക്കുന്നത്. പരിസ്ഥിതി വനം മന്ത്രാലയത്തിനും വിദഗ്ദ്ധ മൂല്യനിർണ്ണയ സമിതി അംഗങ്ങൾക്കും റിവർ വാലി പദ്ധതിയെ സംബന്ധിക്കുന്ന പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാണിച്ച് നിരവധി തവണ കത്തുകൾ എഴുതിയിട്ടുപോലും പദ്ധതികൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്താനോ മൂല്യനിർണ്ണയം നടത്താനോ അവർ തയ്യാറാവുന്നില്ല. മാത്രവുമല്ല, ഈ പദ്ധതികളുടെ പാരിസ്ഥിതിക- സാമൂഹിക ആഘാതങ്ങളെ സംബന്ധിച്ച വിലയിരുത്തലുകൾ സത്യസന്ധമായോ സുതാര്യമായോ

നടന്ന ഒന്നല്ല എന്നുകൂടി കൂട്ടിച്ചേർക്കേണ്ടതായുണ്ട്. നിലവിലുള്ള റിപ്പോർട്ടുകളെല്ലാം കട്ട് ആന്റ് പേസ്റ്റ് റിപ്പോർട്ടുകൾ മാത്രമാണ്. കൃത്യമായ പഠനങ്ങളുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ നടന്ന ഒന്നല്ല. ഇത്തരം നിരവധി കേസുകൾ പരിസ്ഥിതി വനം മന്ത്രാലയത്തിന്റെയും വിദഗ്ദ്ധ സമിതിയുടെയും മുമ്പാകെ കൊണ്ടുവന്നിട്ടും ഇതിലൊരു പദ്ധതി പോലും ഈ ബോഡികൾ നിരസിച്ചിട്ടില്ല എന്നതാണ് മറ്റൊരു യാഥാർത്ഥ്യം.

അതുകൊണ്ടുതന്നെ ജലവൈദ്യുത പദ്ധതികൾ പാരിസ്ഥിതികമായി ലാഭകരമോ സാമൂഹികമായി സ്വീകാര്യമോ ആയ ഒന്നല്ല. ഇപ്പോഴാണെങ്കിൽ അവ സാമ്പത്തികമായി പോലും ലാഭകരമല്ല. നിർമ്മാണത്തിലിരിക്കുന്നതോ നിർദ്ദേശിക്കപ്പെടുന്നതോ ആയ ഏതൊരു ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ച്ചെലവ് യൂണിറ്റിന് 6–7 രൂപയിൽ കുറഞ്ഞതല്ല. അതേസമയം സൗരോർജ്ജമോ കാറ്റോ വൈദ്യു തി ഉത്പ്പാദനത്തിനായി ഉപയോഗിക്കുകയാണെങ്കിൽ ഒരു യൂണിറ്റിന് 3 രൂപയുമായിരിക്കും ചിലവ്. എന്തുതന്നെയായാലും നിലവിലുള്ള ജലവൈദ്യുത പദ്ധതികൾ വലിയ അളവിൽ വൈദ്യുതി ഉത്പ്പാദിപ്പിക്കത്തക്ക ശേഷിയുള്ളതോ സംഭരണശേഷിയുള്ളതോ അല്ല. വർദ്ധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുക്കുമ്പോൾ ഈ വിഷയങ്ങൾ കൂടി നാം പരിഗണിക്കേണ്ടതുണ്ട്. എല്ലാ തവണയും ചമോലി ദുരന്തം പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോഴെല്ലാം നാമത് ചർച്ചചെയ്യുകയും എന്നാൽ പെട്ടെന്നു തന്നെ അത് മറന്നുകളയുകയും ചെയ്യുന്നു. ഇത്തരം ദുരന്തങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളാനുള്ള നമ്മുടെ സംവിധാനങ്ങളുടെ ശേഷിക്കുറവിനെയാണ് അത് വെളിവാക്കുന്നത്. 2013 ജൂണിൽ ഉത്തരാഖണ്ഡിലുണ്ടായ പ്രളയത്തെത്തുടർന്ന് ആഗസ്റ്റ് 13 ന് ജസ്റ്റിസ് രാധാകൃഷ്ണൻ ഇറക്കിയ ഉത്തരവുപോലും അദ്ദേഹത്തിന്റെ റിട്ടയർമെന്റിന് ശേഷം നടപ്പിലാകാതെ പോയി. ആ വിധി അക്ഷരാർത്ഥത്തിൽ യുക്തിസഹമായി നടപ്പിലാക്കുകയായിരുന്നുവെങ്കിൽ ദുരന്തങ്ങളുടെ അനുപാതം കുറക്കാനെങ്കിലും നമുക്ക് കഴിയുമായിരുന്നു. ഇനിയും ദുരന്തങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളാനുള്ള മറ്റൊരവസരമാണ് ചമോലി നമുക്ക് നൽകുന്നത്. ഋഷിഗംഗ, തപോവൻ വിഷ്ണുഖഡ്, വിഷ്ണുഖഡ് പിപൽഗോട്ടി തുടങ്ങി പൂർണ്ണമായും നശിച്ചതോ നാശനഷ്ടങ്ങൾ സംഭവിച്ചതോ ആയ ജലവൈദ്യുത പദ്ധതികൾ നീക്കം ചെയ്യുക എന്നതാണ് ഉടനടി സ്വീകരിക്കേണ്ട നടപടി. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ കൃത്യമായി മോണിറ്റർ ചെയ്യുകയും വേണം. നിലവിലുള്ള ജലവൈദ്യുത പദ്ധതികൾ നാം ഉടനെതന്നെ ഡീകമ്മീഷൻ ചെയ്താൽ മറ്റു പാരിസ്ഥിതിക-സാമൂഹിക പ്രശ്നങ്ങളെ നമുക്ക് കുറക്കാൻ കഴിയും. സമീപ കാലത്തായി പ്രസിദ്ധീകരിക്കപ്പെട്ട യു.എൻ റിപ്പോർട്ടും ഇതുതന്നെയാണ് സൂചിപ്പിക്കുന്നത്. ഉത്തരാഖണ്ഡിൽ ഇനി പുതിയ ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കരുതെന്ന് മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന നൃപൻ മിശ്രയുടെ അദ്ധ്യക്ഷതയിൽ 2019 ഫെബ്രുവരിയിൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ നടന്ന മീറ്റിംഗിൽ തീരുമാനിക്കപ്പെട്ടിരുന്നു. ആ മീറ്റിംഗിൽ ഞാനും പങ്കാളിയായിരുന്നു. ഇക്കാര്യത്തിൽ ദ്രുതഗതിയിലുള്ള നടപടികൾ സ്വീകരിക്കാൻ നമ്മുടെ ഗവൺമെന്റ് തയ്യാറാവുമോ? ■


STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

**JAAGRATHAYUDE KERALEEYAM**

(Form-1V)

| | |
|---|---|
| 1. Place of Publication | : Thrissur |
| 2. Periodicity of the Publication | : Monthly |
| 3. Printer's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 4. Publisher's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 5. Editor's Name | : Sharat. S |
| Whether citizen of India | : Yes |
| Address | : Chaithram, T.B.Junction, Kottarakkara, Kollam - 691 506 |
| 6. Name and address of the individual who own the newspaper and partners or shareholders holding more than one percent of the total capital | : Sharat. S, Keraleeyam, Municipal Market Building, Kokkalai, Thrissur - 680 021 |

I, Sharat. S, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Publisher

1.03.2021